"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നിയമ വകുപ്പ് - ഗവണ്മെന്റ് ലോ ഓഫീസർസ് - ബഹു.കേരള ഹൈക്കോടതിയിലെ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടർ - ശ്രീ. റ്റി.എ. ഷാജിയെ നിയമിച്ചു -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നിയമ ഇൻസ്പെക്ഷൻ വകുപ്പ്**

സ.ഉ.(കൈ) നം.44/2024/LAW തീയതി,തിരുവനന്തപുരം, 06-06-2024

---

പരാമർശം:- **1.25.01.1978 തീയതിയിലെ G.O(P) No.11/78/Law.**

**2. 21.05.2021 തീയതിയിലെ സ.ഉ.(കൈ)നം. 97/ 2021/ആഭ്യന്തരം.**

**3. അഡ്വക്കേറ്റ് ജനറലിന്റെ 02-05-2024 തീയതിയിലെ SS-GK 2/2021/AG നമ്പർ കത്ത്.**

**4. ബഹു. കേരള ഹൈക്കോടതിയുടെ 04.06.2024 തീയതിയിലെ DI-8/58173/2024 നമ്പർ കത്ത്.**

**ഉത്തരവ്**

1973 -ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 24-ാം വകുപ്പ് (1)-ാം ഉപവകുപ്പ പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച പരാമർശം (4) പ്രകാരം ഹൈക്കോടതിയുമായി കൂടിയാലോചിച്ച് സംസ്ഥാന സർക്കാരിന് വേണ്ടി പ്രോസിക്യൂഷൻ , അപ്പീൽ അല്ലെങ്കിൽ മറ്റു നടപടികൾ നടത്തുന്നതിലേയ്ക്ക് ശ്രീ. റ്റി.എ. ഷാജി, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, തച്ചേരി, പി.ആർ.എ.-101, കുമാരനാശാൻ റോഡ്, കടവന്ത്ര, കൊച്ചി-682020-നെ കേരള ഹൈക്കോടതിയിൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറായി 02.06.2024 മുതൽ മൂന്ന് വർഷ കാലയളവിലേക്ക് നിയമിക്കുന്നു.

ശ്രീ.റ്റി.എ.ഷാജി ഡെസിഗ്നേറ്റഡ് സീനിയർ അഡ്വക്കേറ്റായതിനാൽ 1973 -ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 377, 378 വകുപ്പുകൾ പ്രകാരമുള്ള നിർദ്ദേശങ്ങളും മറ്റു നിർദ്ദേശങ്ങളും അദ്ദേഹത്തിന് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ മുഖേന അയക്കേണ്ടതാണ്.

ശ്രീ.റ്റി.എ.ഷാജിയുടെ പദവി, സൗകര്യങ്ങൾ, ശമ്പളം, മറ്റ് സാമ്പത്തികാനുകൂല്യങ്ങൾ എന്നിവ അഡ്വക്കേറ്റ് ജനറലിന് സമാനമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K G SANAL KUMAR**

നിയമ സെക്രട്ടറി

പകർപ്പ്:-

1.അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
2.ശ്രീ.റ്റി.എ.ഷാജി, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, തച്ചേരി, പി.ആർ.എ.-101, കുമാരനാശാൻ റോഡ്, കടവന്ത്ര, കൊച്ചി (അഡ്വക്കേറ്റ് ജനറൽ മുഖാന്തിരം)
3.അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ, കേരള, എറണാകുളം
4.രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം.
5.രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം
6.സെക്രട്ടറി, കേരള നിയമസഭ.
7.ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.
8.ബഹു.നിയമം, കയർ, വ്യവസായം, വകുപ്പ് മന്ത്രിയുടെ പി.എസ്.
9.അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ &ഇ), കേരള തിരുവനന്തപുരം.
10.നിയമ സെക്രട്ടറിയുടെ പി.എ.
11.പൊതുഭരണ എസ്.സി. വകുപ്പ് (ബഹു. മന്ത്രിസഭാ തീരുമാനം item No.OA 2195 തിയതി 29.5.2024))
12.അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ., ആഭ്യന്തരം
13.ജില്ലാ കളക്ടർ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്.
14. ജില്ലാ /സബ് ട്രഷറി ഓഫീസർ, എറണാകുളം.
15.ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ & പി.ആർ.ഡി.
16.അഡീഷണൽ നിയമ സെക്രട്ടറിയുടെ (ഇൻസ്പെക്ഷൻ) സി.എ
17.നിയമ (നോഡൽ) വകുപ്പ്.
18.നിയമ (മോണിറ്ററിങ്) വകുപ്പ്.
19.സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 29-05-2024

ഇനം നം: 2195

O.A.

വിഷയം : നിയമ വകുപ്പ് - കേരള ഹൈക്കോടതിയിൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറായി സീനിയർ അഡ്വക്കേറ്റ് ശ്രീ. റ്റി. എ. ഷാജിയെ 02.06.2024 മുതൽ മൂന്ന് വർഷത്തേയ്ക്ക് ഹൈക്കോടതിയുമായി കൂടിയാലോചിച്ച് നിയമിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

29/5/24

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

1336/24

2195
29.5.24
O.A

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

ശ്രീ. റ്റി.എ. ഷാജി, സീനിയർ അഡ്വക്കേറ്റ് , തച്ചേരി, പി.ആർ.എ.-101, കുമാരനാശാൻ റോഡ്, കടവന്തറ, കൊച്ചി- 682020 -യെ ഹൈക്കോടതിയുമായി കൂടിയാലോചിച്ച് ബഹു. കേരള ഹൈക്കോടതിയിൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറായി 02/06/2024 മുതൽ മൂന്ന് വർഷ കാലയളവിലേക്ക് നിയമിക്കുന്നതിനെ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീ. റ്റി.എ. ഷാജി, തച്ചേരി, പി.ആർ.എ.-101, കുമാരനാശാൻ റോഡ്, കടവന്തറ, കൊച്ചി- 682020 -നെ 21/05/2021 -ലെ സ.ഉ.(കൈ)നം. 97/2021/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനായി നിയമിച്ചിരുന്നതും തുടർന്ന് ടിയാനെ the Code of Criminal Procedure, 1973, വകുപ്പ് 24(1) പ്രകാരം ബഹു. ഹൈക്കോടതിയുമായി കൂടിയാലോചിച്ച് സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറായി 02-06-2021 തീയതിയിലെ സ.ഉ.(കൈ)നം 38/2021/നിയമം നമ്പർ ഉത്തരവ് പ്രകാരം മൂന്ന് വർഷ കാലയളവിലേക്ക് നിയമിച്ചിരുന്നതും ടിയാൻ 02-06-2021 -ന് ചാർജ്ജ് എടുത്തിട്ടുള്ളതുമാകുന്നു.

3. ശ്രീ. റ്റി.എ. ഷാജിയുടെ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറായുള്ള നിയമന കാലാവധി 01-06-2024 -ന് അവസാനിക്കുന്നതാണെന്നും The Code of Criminal Procedure, 1973, വകുപ്പ് 24 -ൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനം മാത്രമേ പ്രതിപാദിക്കുന്നുള്ളൂ എന്നതിനാലും കാലാവധി അവസാനിച്ച ശേഷം പബ്ലിക്

പ്രോസിക്യൂട്ടറെ വീണ്ടും നിയമിക്കുന്നതിലേയ്ക്ക് Harpal Singh Chauhan and others Vs. State of U.P- (1993) 3 SCC 552 എന്ന വിധിയിലെ ബഹു. സുപ്രീം കോടതി നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ബഹു. ഹൈക്കോടതിയുമായി കൂടിയാലോചിച്ച് ശ്രീ. റ്റി.എ. ഷാജി, തച്ചേരി, പി.ആർ.എ.-101, കുമാരനാശാൻ റോഡ്, കടവന്ത്ര, കൊച്ചി- 682020 -നെ ബഹു. കേരള ഹൈക്കോടതിയിൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറായി 02/06/2024 മുതൽ മൂന്ന് വർഷ കാലായളവിലേയ്ക്ക് നിയമിക്കേണ്ടതാണെന്നും അഡ്വക്കേറ്റ് ജനറൽ 02-05-2024 തീയതിയിലെ SS-GK 2/2021/AG നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുള്ളതാണ്.

4. 1978 -ലെ കേരള ഗവ. ലാ ഓഫീസേഴ്സ് (അപ്പോയ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) & കണ്ടക്ട് ഓഫ് കേസസ് ചട്ടങ്ങളിലെ ചട്ടം 4 & 6 എന്നിവ പ്രകാരം ബഹു. ഹൈക്കോടതിയിലേയ്ക്ക് ഗവ. ലാ ഓഫീസർമാരെ മൂന്ന് വർഷ കാലയളവിലേയ്ക്കാണ് നിയമിക്കുന്നത്.

5. മേൽ സാഹചര്യത്തിൽ the Code of Criminal Procedure, 1973 വകുപ്പ് 24(1) പ്രകാരം ശ്രീ. റ്റി.എ. ഷാജി, തച്ചേരി, പി.ആർ.എ.-101, കുമാരനാശാൻ റോഡ്, കടവന്ത്ര, കൊച്ചി- 682020 -യെ 02.06.2024 തീയതി മുതൽ മൂന്ന് വർഷ കാലയളവിലേക്ക് ബഹു.ഹൈക്കോടതിയുമായി കൂടിയാലോചിച്ച് ബഹു. കേരള ഹൈക്കോടതിയിൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറായി നിയമിക്കാവുന്നതാണോ എന്ന വിഷയം മന്ത്രിസഭായോഗം തീരുമാനിക്കേണ്ടതാണ്.

**തീരുമാനിക്കേണ്ട സംഗതി**

ശ്രീ. റ്റി.എ. ഷാജി, തച്ചേരി, പി.ആർ.എ.-101, കുമാരനാശാൻ റോഡ്, കടവന്ത്ര, കൊച്ചി- 682020 -യെ the Code of Criminal Procedure, 1973, വകുപ്പ് 24(1) പ്രകാരം ബഹു. ഹൈക്കോടതിയുമായി കൂടിയാലോചിച്ച് 02-06-2024 മുതൽ മൂന്ന് വർഷ കാലയളവിലേയ്ക്ക് ബഹു. കേരള ഹൈക്കോടതിയിൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറായി നിയമിക്കാവുന്നതാണോ ?

29/5/24